**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733512

2023 ജനുവരി 23

# വാർത്താക്കുറിപ്പ്

---

## പശ്ചിമഘട്ടത്തിലെ ആദിവാസി- ഗോത്ര അധിവാസം; ഏകദിന ശിൽപ്പശാല 25ന്

മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർസർവകലാശാലാ സാമൂഹിക ശാസ്ത്ര ഗവേഷണകേന്ദ്രം 'പശ്ചിമഘട്ടത്തിലെ ആദിവാസി, ഗോത്ര അധിവാസം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ശിൽപ്പശാല ജനുവരി 25ന് രാവിലെ പത്തിന് മൂന്നാർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

ശിൽപ്പശാലയിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാന സർക്കാരിനു സമർപ്പിക്കുകയും സാമൂഹികശാസ്ത്ര ഗവേഷണകേന്ദ്രം തയ്യാറാക്കുന്ന വികസന-നയ രേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

ഇടുക്കിയിലെ പാരിസ്ഥിതിക സുസ്ഥിരത, ആദിവാസി-ഗോത്ര അതിജീവന പ്രശ്നങ്ങൾ കേന്ദ്രീകരിച്ചാണ് ചർച്ചകൾ നടക്കുക. കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ ഇടുക്കിയിലെ ആദിവാസി- ഗോത്ര അധിവാസമേഖലയിൽ സംഭവിച്ച മാറ്റങ്ങൾ, ഈ മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികളിലൂടെ സർക്കാർ നടത്തിയ ഇടപെടലുകൾ, അവരുടെ ജീവിത സാഹചര്യങ്ങളിലുണ്ടായ മാറ്റങ്ങൾ തുടങ്ങിയവ വിശകലനം ചെയ്യും.

ആദിവാസി, ഗോത്ര വിഭാഗങ്ങളിൽ നിന്നുള്ള ഊരുമൂപ്പന്മാരും മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും ശിൽപ്പശാലയിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/ 98/2023)

## അപേക്ഷ; സമയപരിധി നീട്ടി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം, 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ്), ബി.എസ്.സി സൈബർ ഫോറൻസിക് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ്), പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം

(സി.ബി.സി.എസ്  - 2021 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ജനുവരി 28 വരെ അപേക്ഷ നൽകാം.

പിഴയോട്ടു കൂടി ജനുവരി 30 വരെയും സൂപ്പർഫൈനോടെ ജനുവരി 31 നു അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 99/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോ ബയോളജി (2008 മുതൽ 2014 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 14 വരെ അപേക്ഷ നൽകാം.

പിഴയോട്ടു കൂടി ഫെബ്രുവരി 15 നും സൂപ്പർ ഫൈനോടെ ഫെബ്രുവരി 16 നും അപേക്ഷ സ്വീകരിക്കും.

രണ്ടാം മെഴ്സി ചാൻസ് വിദ്യാർഥികൾ പരീക്ഷാ ഫീസിനും ക്യാമ്പ് ഫിസിനുമൊപ്പം  7720 രൂപ സ്പെഷ്യൽ ഫീസ്  അടയ്ക്കണം

(പി.ആർ.ഒ./39/ 100/2023)

## പരീക്ഷാ ടൈം ടേബിൾ

ജനുവരി നാലിന് ആരംഭിച്ച ആറാം സെമസ്റ്റർ ബി.വോക് (2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ്, പുതിയ സ്കീം) പരീക്ഷയോടൊപ്പം ലൈവ്ലിഹുഡ് മാനേജ്മെൻറ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി.  പരീക്ഷ ജനുവരി 31 ന് നടക്കും.

(പി.ആർ.ഒ./39/ 101/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എസ്.സി മോഡൽ 1 - പ്യുവർ കെമിസ്ട്രി, മോഡൽ 2 - ഇൻഡസ്ട്രിയൽ കെമിസ്ട്രി (സി.ബി.സി.എസ്, പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഇന്ന്(ജനുവരി 24) മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

..........................

രണ്ടാം സെമസ്റ്റർ എം.എ കഥകളി സംഗീതം, മദ്ദളം (സി.എസ്.എസ് -2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ജനുവരി 25) തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടത്തും.  വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 102/2023)

## എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

അവസാന സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി (2017-2022) ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഏഴ് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/ 103/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് - ഡാറ്റാ അനലിറ്റിക്സ് (പി.ജി.സി.എസ്.എസ്. - 2020 അഡ്മിഷൻ - ഓഗസ്റ്റ് 2022), എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി ഓഗസ്റ്റ് 2022) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ആറു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...........................

2022 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ - ഇൻറലക്ച്വൽ ഡിസെബിലിറ്റി (202123 ബാച്ച് റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി ആറു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

...........................

പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡിഗ്രി ബി.എ. എൽ.എൽ.ബി (2015, 2014,2013,2012 അഡ്മിഷനുകൾ സ്പ്ലിമെൻററി), ബി.എ ക്രിമിനോളജി എൽ.എൽ.ബി (2011 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി ഏഴ് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

............................

2022 ഓഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി മൈക്രോ ബയോളജി (റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഏഴ് വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...........................

മൂന്നാം സെമസ്റ്റർ എം.എസ്.സി ഡാറ്റാ അനലിറ്റിക്സ് (2020 അഡ്മിഷൻ റഗുലർ - 2022 ഏപ്രിൽ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഏഴ് വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/ 104/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**